# കാലിക്കറ്റ് സർവകലാശാല
## പബ്ലിക് റിലേഷൻസ് വിഭാഗം

**പത്രക്കുറിപ്പ്**
**2026 സെപ്റ്റംബർ 09** **website: www.uoc.ac.in**

---

### അറബിക് അസിസ്റ്റന്റ് പ്രൊഫസർ
### വാക് - ഇൻ - ഇന്റർവ്യൂ

കാലിക്കറ്റ് സർവകലാശാലാ വിദൂര ഓൺലൈൻ വിദ്യാഭ്യാസ കേന്ദ്രത്തിൽ അറബിക്ക് വിഷയത്തിന് കരാറടിസ്ഥാനത്തിലുള്ള അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിനായി പാനൽ തയ്യാറാക്കുന്നതിനുള്ള വാക് - ഇൻ - ഇന്റർവ്യൂ സെപ്റ്റംബർ 28-ന് നടക്കും. ഹിന്ദു നാടാർ, ഇ.ടി.ബി. സംവരണ വിഭാഗങ്ങളിലായി ഓരോ ഒഴിവാണുള്ളത്. താത്പര്യമുള്ളവർ യോഗ്യത, പ്രവൃത്തിപരിചയം, ജാതി, വയസ് എന്നിവ തെളിയിക്കുന്ന അസൽ രേഖകളും മറ്റ് അവശ്യ രേഖകളും സഹിതം രാവിലെ 09.30-ന് സർവകലാശാലാ ഭരണകാര്യാലയതിൽ ഹാജരാകണം. വിശദമായ വിജ്ഞാപനം വെബ്സൈറ്റിൽ.

***പി.ആർ. 1284/2026***

### കുറ്റിപ്പുറം സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ
### എം.ബി.എ. സീറ്റൊഴിവ്

കുറ്റിപ്പുറത്തുള്ള കാലിക്കറ്റ് സർവകലാശാലാ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ (എസ്.എം.എസ്.) 2026 - 27 അധ്യയന വർഷത്തെ എം.ബി.എ. പ്രോഗ്രാമിന് ജനറൽ / സംവരണ സീറ്റൊഴിവുണ്ട്. ഡിഗ്രി തലത്തിൽ 50 ശതമാനം മാർക്ക് ( സംവരണ വിഭാഗക്കാർക്ക് മാർക്കിളവ് ലഭിക്കും ) നേടിയവർക്ക് സെപ്റ്റംബർ 14 വരെ സർവകലാശാലാ വെബ്സൈറ്റ് വഴി അപേക്ഷിക്കാം. താത്പര്യമുള്ളവർ അപേക്ഷയുടെ പകർപ്പ്, യോഗ്യതാ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം സെപ്റ്റംബർ 14-ന് വൈകീട്ട് 05.00 മണിക്ക് മുൻപായി കുറ്റിപ്പുറം എസ്.എം.എസ്.-ൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0494 2607224, 8547537224.

***പി.ആർ. 1285/2026***

### ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി
### പുനർമൂല്യനിർണയഫലം

എം.എസ് സി. ഫിസിക്സ് (സി.ബി.സി.എസ്.എസ്.) രണ്ടാം സെമസ്റ്റർ (2020 പ്രവേശനം) സെപ്റ്റംബർ 2024, മൂന്നാം സെമസ്റ്റർ (2021 പ്രവേശനം) സെപ്റ്റംബർ 2025 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ പുനർമൂല്യനിർണയഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1286/2026***

**പരീക്ഷാഅപേക്ഷ**

സർവകലാശാലാ എഞ്ചിനീയറിങ് കോളേജിലെ മൂന്നാം സെമസ്റ്റർ ബി.ടെക്. (2014 സ്കീം - 2018 പ്രവേശനം) നവംബർ 2025 സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴ കൂടാതെ സെപ്റ്റംബർ 28 വരെയും 210 രൂപ പിഴയോടെ 30 വരെയും അപേക്ഷിക്കാം. ലിങ്ക് സെപ്റ്റംബർ 16 മുതൽ ലഭ്യമാകും.

***പി.ആർ. 1287/2026***

**പരീക്ഷ**

അഫിലിയേറ്റഡ് കോളേജ് / വിദൂര വിഭാഗത്തിലെ മൂന്നാം സെമസ്റ്റർ എം.എ., എം.എസ്‌സി., എം.കോം., എം.എസ്.ഡബ്ല്യൂ., എം.എ. ജേണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ, എം.ടി.ടി.എം., എം.ടി.എച്ച്.എം., എം.എച്ച്.എം., എം.സി.എ. - നവംബർ 2026, എം.എസ്‌സി. ഹെൽത് ആന്റ് യോഗാ തെറാപ്പി - ഡിസംബർ 2026 റഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകൾ ഒക്ടോബർ 14-ന് തുടങ്ങും. വിശദമായ സമയക്രമം വെബ്സൈറ്റിൽ പിന്നീട് പ്രസിദ്ധീകരിക്കും.

***പി.ആർ. 1288/2026***

**പരീക്ഷാഫലം**

വിദൂര വിഭാഗം നാലാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ്, ഫിലോസഫി, പൊളിറ്റിക്കൽ സയൻസ് ( സി.ബി.സി.എസ്.എസ് - 2022, 2023 പ്രവേശനം ) ഏപ്രിൽ 2026 സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 22 വരെ അപേക്ഷിക്കാം.

നാലാം സെമസ്റ്റർ എം.എസ് സി. കമ്പ്യൂട്ടർ സയൻസ്, എം.എ. വിമൻസ് സ്റ്റഡീസ് (സി.സി.എസ്.എസ്.-2024 പ്രവേശനം)ഏപ്രിൽ 2026 റഗുലർ പരീക്ഷകളുടെ ഫലംപ്രസിദ്ധീകരിച്ചു.

***പി.ആർ. 1289/2026***